ശ്രീ രാം ചന്ദ്ര മിഷൻ
# വാർത്താപത്രിക - ഇന്ത്യ

മെയ് 2008 | സ്വകാര്യ പ്രചരണത്തിനു മാത്രം | വോല്യം 1 ലക്കം 3

*പ്രിയപ്പെട്ട*
*സഹോദരീ സഹോദരന്മാരെ,*
*പ്രണാമം!*

*രാജ്യത്തിന്റെ എല്ലാഭാഗത്തു നിന്നും ലഭിക്കുന്ന ലേഖനങ്ങളിൽ സിമാതീതമായ വർദ്ധനവ് ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. നിങ്ങളുടെ താല്പര്യത്തിനും, പങ്കാളിത്തത്തിനും നന്ദിയുണ്ട്. രാജ്യത്തെ എല്ലാ അഭ്യാസികൾക്കും ഈ അനുഭവത്തിന്റെ ഗുണങ്ങൾ ലഭിക്കുമാറ് അത് വളർന്നു കൊണ്ടേയിരിക്കട്ടെ. ഇതിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ ഒഴുക്കുള്ളതും വായിക്കുവാൻ ഇമ്പമുള്ളതായിരിക്കണമെന്നും കൂടികൂടിയതായിരിക്കരുതെന്നും പൂജ്യമാസ്റ്റർ ഇതിന്റെ പ്രസാധകരോട് അഭിപ്രായപ്പെടുകയുണ്ടായി. ലേഖനങ്ങൾ തയ്യാറാക്കുമ്പോൾ മേൽപറഞ്ഞ കാര്യങ്ങൾ കണക്കിലെടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.*

*ജൂലൈ മാസത്തെ വാർത്തപത്രികയിലേക്ക് ലേഖനങ്ങൾ ലഭിക്കേണ്ട അവസാനതിയ്യതി ജൂൺ 15, 2008 ആണ്. ലേഖനങ്ങൾ, ഫോട്ടോ സഹിതം സോണൽ സെക്രട്ടറി വഴി അയക്കേണ്ടതാണ്.*

*ആദരപൂർവ്വം,*
*പ്രസാധകർ*

## മാർച്ച് മാസത്തെ മാസ്റ്ററുടെ യാത്രാപരിപാടികൾ

### തിരുപ്പൂർ ആശ്രമം ഉത്ഘാടനം



വിശ്രമാവശ്യത്തിനുവേണ്ടി തിരുപ്പൂർ സന്ദർശിച്ച മാസ്റ്റർ (ഫെബ്രുവരി 28ന്) ഡൈമണ്ട് ജൂബിലി പാർക്കിലെ വിശാലമായ ധ്യാനമന്ദിരം ഉത്ഘാടനം ചെയ്തു. ആഘോഷകരമായ അന്തരീക്ഷത്തിൽ മാർച്ച് 2, 2008നാണ് ഇതിന്റെ ഉത്ഘാടനം നടന്നത്. തമിഴിൽ, ധാരാളം മലയാളപദങ്ങൾ ചേർത്ത്, ഒരു ഹൃദ്യമായ പ്രഭാഷണം അഭ്യാസികളെ സന്തോഷിപ്പിച്ചുകൊണ്ട് മാസ്റ്റർ നടത്തുകയുണ്ടായി. വിശാലമായ, ധാരാളം വായുസഞ്ചാരമുള്ള, ഈ ഹാളിൽ ഏതാണ്ട് രണ്ടായിരത്തി അഞ്ഞൂറ് അഭ്യാസികൾക്ക് ഇരിക്കുവാൻ സൗകര്യമുള്ളതാണ്.

### എസ്.എം.എസ്.എഫ്. റിട്രീറ്റ് സെന്റർ, മലമ്പുഴ, കേരള

മാർച്ച് മൂന്നിന് മാസ്റ്റർ റോഡ് മാർഗ്ഗം കേരളത്തിൽ മലമ്പുഴയിലുള്ള സഹജമാർഗ സ്പിരിച്ചാലിറ്റി ഫൗണ്ടേഷന്റെ റിട്രീറ്റ് സെന്ററിൽ എത്തി. പാലക്കാടിന്റെ പ്രാന്തപ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഈ കേന്ദ്രം, തിരുപ്പൂരിൽ നിന്നും ഏകദേശം 95 കിലോമീറ്ററും കോയമ്പത്തൂരിൽ നിന്നും ഏകദേശം 50 കിലോമീറ്ററും അകലെയായി സ്ഥിതി ചെയ്യുന്നു. മെഡിറ്റേഷൻ ഹാളിന്റെ തറക്കല്ലിട്ട അദ്ദേഹം അതിനുശേഷം ഡോർമിറ്ററി ബ്ലോക്ക് ഉത്ഘാടനം ചെയ്തു. അതിനുശേഷമുണ്ടായ സത്സംഗം എല്ലാവരേയും മറ്റൊരു ലോകത്ത് എത്തിച്ചു.



### കോയമ്പത്തൂർ



മാസ്റ്ററുടെ കോയമ്പത്തൂർ സന്ദർശനം മറ്റൊരു മഹത്തായ അനുഭവമായിരുന്നു. റോഡു മാർഗ്ഗം ആശ്രമത്തിലെത്തിയ അദ്ദേഹം ക്ഷീണിതനായിരുന്നെങ്കിലും അഭ്യാസികളെ കാണുവാൻ വളരെയധികം ഉത്സുകനായിരുന്നു. മാസ്റ്റർ, അവിടെ തിങ്ങിക്കൂടിയ അഭ്യാസികളോട്, "ഒരു വ്യക്തി എല്ലാ സന്ദർഭത്തിലും സന്തോഷവാനായിരിക്കണം" എന്നുപറഞ്ഞു. അദ്ദേഹം കൂട്ടിച്ചേർത്തു, "ക്ഷണത്തിന് കാത്തുനില്ക്കാതെ ഞാൻ സ്വയം ഇവിടെ എത്തിയതാണ്. ഞാൻ ഇവിടെ വരാൻ രണ്ടു കാരണങ്ങളുണ്ട്: ഒന്ന്, ഇത് നിങ്ങളുടെ ആശ്രമമാണെന്ന് നിങ്ങൾ വിചാരിക്കരുത്; ഇത് എന്റെ ആശ്രമമാണ്." രണ്ടാമത്തെ കാരണത്തിനുവേണ്ടി നിർബ്ബന്ധിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, "ഇത് മാസ്റ്ററുടെ ആശ്രമം മാത്രമല്ല; നമ്മുടെ എല്ലാവരുടെയും ആശ്രമമാണ് എന്ന് പഠിപ്പിക്കുക എന്നതാണ് രണ്ടാമത്തെ കാരണം."

### ബാംഗ്ലൂർ



മാർച്ച് ആറിന് വായുമാർഗ്ഗേണ മാസ്റ്റർ കോയമ്പത്തൂരിൽ നിന്നും ബാംഗ്ലൂരെത്തി. മാർച്ച് എട്ടിന് അദ്ദേഹം ലാലാജി നിലയം മെഡിറ്റേഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. ഒക്ടോബർ 2008ൽ ഇതിന്റെ നിർമ്മാണം പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. നിർമ്മാണത്തിന്റെ പുരോഗതിയിലും ഗുണനിലവാരത്തിലും മാസ്റ്റർ സംതൃപ്തി പ്രകടിപ്പിച്ചു.

ഞായറാഴ്ച മാസ്റ്റർ ബനാശങ്കരി ആശ്രമത്തിലെത്തി. ഏതാണ്ട് രണ്ടായിരത്തോളം അഭ്യാസികൾ അദ്ദേഹത്തെ കാണാനായി തടിച്ചു കൂടിയിരുന്നു. ആശ്രമം അഭ്യാസികളെക്കൊണ്ട് നിറഞ്ഞിരുന്നെങ്കിലും മാസ്റ്റർ തികച്ചും ഉല്ലാസവാനായിരുന്നു. ആശ്രമത്തിൽ വരുത്തിയ മാറ്റങ്ങളെ മാസ്റ്റർ പ്രശംസിച്ചു. അഭ്യാസികളുടെ തിരക്കു വകവെക്കാതെ തന്നെ മാസ്റ്റർ തന്റെ ഇഷ്ടപ്പെട്ട ഇരിപ്പിടത്തിലേക്ക് നടന്നു നീങ്ങി. ഇതിനിടയിൽ മാസ്റ്റർ പലരേയും കണ്ടു; അഭ്യാസികൾ മാസ്റ്ററോടൊപ്പമിരിക്കാൻ ലഭിച്ച അവസരത്തിന് നന്ദിയുള്ളവരായി.

സത്സംഗത്തിനുശേഷം മാസ്റ്റർ രണ്ടു വിവാഹങ്ങൾ നടത്തി. ആത്മീയ പുരോഗതിക്കു അനുയോജ്യമായ ഒരു സാഹചര്യം സൃഷ്ടിക്കുന്നതിൽ സഹിഷ്ണുതയ്ക്കും നിയന്ത്രണത്തിനുമുള്ള സ്ഥാനം അദ്ദേഹം അടിവരയിട്ടുപറഞ്ഞു. മാർച്ച് ഒമ്പതിന് ക്രെസ്റ്റിൽ (CREST) നടത്തിയ പ്രിഫക്റ്റുകളുടെ സെമിനാറിൽ മാസ്റ്റർ സംസാരിച്ചു. "എന്നാണ് നാം നമ്മോടുതന്നെ സത്യസന്ധരാവുക? നമ്മുടെ സമയം നമുക്കു വേണ്ടി തന്നെ പ്രയോജനപ്പെടുത്തണം. സത്യസന്ധമായും, അർപ്പണബോധത്തോടെയും, ലക്ഷ്യബോധത്തോടെയും ജോലിചെയ്താൽ മാത്രമേ സമയം നമുക്കു പ്രയോജനപ്രദമാവൂ. നാം അദ്ദേഹത്തിനുവേണ്ടിയാണ് ജോലിചെയ്യുന്നത് എന്നത് അസത്യമാണ്; ആരും അദ്ദേഹത്തിനുവേണ്ടി ജോലി ചെയ്യുന്നില്ല എന്ന് ഞാൻ ആവർത്തിച്ചുപറയട്ടെ."

### ക്രെസ്റ്റ് റിട്രീറ്റ് സെന്റർ, പാൻഷെറ്റ്

2008 മാർച്ച് 14ന് മാസ്റ്റർ ഇന്ത്യയിലെ രണ്ടാമത്തെ 'റിട്രീറ്റ്' കേന്ദ്രം ഉത്ഘാടനം ചെയ്തു. മഹാരാഷ്ട്രയിൽ പൂനയുടെ പ്രാന്തപ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു സ്ഥലമാണിത്. പാൻഷെറ്റ് അണക്കെട്ടിന്റെ സമീപത്തായുള്ള, മലകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഘടക് വസ്‌ല തടാകത്തിനടുത്താണ് ഈ റിട്രീറ്റ് സെന്റർ. ധ്യാനമന്ദിരവും അടുക്കളയും ഡൈനിംഗ് ഹാളും ഡോർമിറ്ററിയും ചേർന്നതാണ് ഈ കേന്ദ്രം. ഈയിടെ മാസ്റ്റർ ഉത്ഘാടനം നിർവഹിച്ച മലമ്പുഴയിലെ റിട്രീറ്റ് സെന്റർ പോലെ തന്നെ ഇതും 2008 ഏപ്രിൽ 14 മുതൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.


CREST Retreat Centre, Panshet

### പൻവേൽ ആശ്രമം, മുംബൈ

മാർച്ച് 17 ന് മാസ്റ്റർ പൂനയിൽ നിന്നും റോഡുമാർഗം പൻവേൽ ആശ്രമത്തിലെത്തി. 1400 ഓളം വരുന്ന അഭ്യാസികൾ മാസ്റ്ററെ സസന്തോഷം, ഹൃദയപൂർവ്വം എതിരേറ്റു. ഓരോരുത്തരുടെയും സ്നേഹപ്രകടനത്തെ മാസ്റ്റർ കൈവീശിക്കൊണ്ട് സ്വീകരിക്കുന്നത് നയനാനന്ദകരമായ കാഴ്ചയായിരുന്നു. കൊച്ചുകുട്ടികൾക്ക് മാസ്റ്ററുടെ വടികൊണ്ടുള്ള ആശീർവാദവും ഉണ്ടായിരുന്നു. ആശ്രമത്തിലെത്തിയ മാസ്റ്റർ സത്സംഗം നിർവഹിച്ചു. വളരെ ഗാഢമായ ആ സിറ്റിങ്ങിൽ അവിടെ സന്നിഹിതരായിരുന്ന ഓരോരുത്തരും സ്നേഹത്തിന്റെ സൂക്ഷ്മവും ശക്തവുമായ ഒഴുക്ക് അനുഭവിച്ചു.

മാസ്റ്റർ ആശ്രമത്തിന്റെ ഓരോ മുക്കും മൂലയും പരിശോധിച്ചു. ടെറസിനു മുകളിൽ ചെന്നുനിന്ന് താഴെയുള്ള ഹരിതാഭയും ആസ്വദിച്ചു. മാർച്ച് 18 ന് മാസ്റ്റർ സത്സംഗം നടത്തിയതിനു ശേഷം 'ഹാർട്ട് സ്പീക്ക് 2005' ന്റെ മറാഠി പരിഭാഷ പ്രകാശനം ചെയ്യുകയുണ്ടായി. അതിനുശേഷം മാസ്റ്റർ 'ഗ്രീൻ സോണി'ൽ ഒരു വൃക്ഷത്തെ നട്ടു. തിരിച്ചു തന്റെ കോട്ടേജിലേക്ക് വരുന്ന വഴിയിൽ തണലിലിരുന്ന് ഇസ്രായേലിലെ അഭ്യാസികളുമായി സൗഹൃദസംഭാഷണം നടത്തി. ആ രാജ്യങ്ങൾ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിനനുഭവിക്കേണ്ടിവന്ന പ്രശ്നങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. രാത്രി ഒമ്പതു മണിയോടുകൂടി ഡൈനിങ്ങ് ഹാളിനടുത്തുണ്ടായിരുന്ന സ്ഥലത്ത് അദ്ദേഹം കുറച്ചു സമയം അഭ്യാസികളുമായി ചിലവഴിച്ചു.

മാസ്റ്ററുടെ മുംബൈ സന്ദർശനം "ഹോളി" ആഘോഷവേളയിലായിരുന്നു. ദുഷ്ടതയും, അഴുക്കുകളും "ഹോളി" അഗ്നിയിൽ കത്തിച്ചു കൊണ്ട് ആളുകൾ ആ അഗ്നിക്കു ചുറ്റും നൃത്തം ചെയ്യുക പതിവാണ്. അഗ്നി എല്ലാത്തിനെയും പവിത്രമാക്കുന്ന, നിറങ്ങളുടെ ഉൽസവമായ ഹോളി പുനരുജ്ജീവനത്തെ സൂചിപ്പിക്കുന്നു. വാസ്തവത്തിൽ നിറങ്ങൾ ഒന്നും തന്നെ ദൃശ്യമായിരുന്നില്ലെങ്കിലും എല്ലാവരുടെ ഹൃദയങ്ങളിലും സമാധാനവും, സ്നേഹവും, സന്തോഷവും അനുഭവവേദ്യമായിരുന്നു.


Panvel Ashram - Under the mango trees


Panvel Ashram - Meditation Hall

Master on the banks of the Mandovi, Goa


### ഗോവ

മാർച്ച് 21ന് വായുമാർഗ്ഗേണ മാസ്റ്റർ ഗോവയിലെത്തി. മണ്ടോവി നദിതീരത്തുള്ള ഒരഭ്യാസിയുടെ അതിഥി മന്ദിരത്തിലാണ് മാസ്റ്റർ തങ്ങിയത്. 22ന് രാവിലെ മാസ്റ്റർ സത്സംഗസ്ഥലത്തെത്തി. അവിടെ, ഹുബ്ലി, ബെൽഗാം, പൂനെ, മുംബൈ, നാസിക് എന്നിവിടങ്ങളിൽ നിന്നുള്ള നാനൂറോളം അഭ്യാസികൾ സന്നിഹിതരായിരുന്നു.

ഞായറാഴ്ച രാവിലെ മാസ്റ്റർ സത്സംഗം നടത്തി. അഞ്ഞൂറഭ്യാസികളെങ്കിലും ഉണ്ടെങ്കിലേ അടുത്ത തവണ അവിടേക്ക് വരികയുള്ളു എന്ന് അതിനുശേഷം നടത്തിയ പ്രഭാഷണത്തിൽ അദ്ദേഹം സൂചിപ്പിച്ചു. "എന്തുകൊണ്ടാണ് ഭർത്താവിന് ഭാര്യയേയോ, അല്ലെങ്കിൽ ഭാര്യക്ക് ഭർത്താവിനേയോ കൊണ്ടുവരുവാൻ സാധിക്കാതിരിക്കുന്നത്? സിനിമയ്ക്കും ഹണിമൂണിനും അവർക്കൊന്നിച്ചു പോകാൻ സാധിക്കുന്നുണ്ടല്ലോ? ഇവിടെ ആത്മീയതയുടെ ഹണിമൂണാണ്. നമുക്ക് കിട്ടുന്നത് നമുക്ക് വിതരണം ചെയ്യാനായില്ലെങ്കിൽ അത് ദുഷിച്ച്, നശിച്ചു പോകും. ജീവിതം, നല്കുന്നതിനു വേണ്ടി മാത്രമാണ്. ദൈവം നമുക്ക് തരുന്നത് നല്കുന്നതിനുവേണ്ടി മാത്രമാണ്. ഇതോർമ്മയുണ്ടായിരിക്കണം."

23ന് വൈകുന്നേരം മാസ്റ്റർ കോട്ടേജിനു പുറത്തു വന്ന് നദീതീരത്ത് ഉപവിഷ്ടനായി. ഏകദേശം നാല്പതോളം അഭ്യാസികൾ അദ്ദേഹത്തിന്റെ പാദപത്മങ്ങൾക്കു ചുറ്റും ഉപവിഷ്ടരായിരുന്നു. അദ്ദേഹം സത്സംഗം നടത്തിയതിനുശേഷം അകത്തേക്കു തിരിച്ചു പോയി. അപ്പോഴേക്കും മഴ പെയ്യാൻ തുടങ്ങിയിരുന്നു. 24ന് രാവിലെ മാസ്റ്റർ, ഞായറാഴ്ചകളിൽ സത്സംഗം നടത്തുന്ന സ്ഥലം സന്ദർശിച്ചു. അവിടെ നിന്നും അദ്ദേഹം വിമാനമാർഗ്ഗേണ മുംബൈ വഴി ചെന്നൈയിലേക്ക് തിരിച്ചു.

## ജൂലൈ 24, 2008 – ലക്നൗ

മാസ്റ്ററുടെ എൺപത്തിയൊന്നാം ജന്മദിനം ഇന്ത്യയിൽ യു.പി.യിൽ ലക്നൗവിൽ 2008 ജൂലൈ 23,24,25 തീയ്യതികളിൽ ആഘോഷിക്കുന്നതാണ്.

ഇതെക്കുറിച്ചുള്ള സർക്കുലറുകളും വിവരങ്ങളും മറ്റും മിഷന്റെ താഴെപറയുന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

http://www.srcm.org/members/24july2008/index.jsp

അഭ്യാസികൾ കഴിയുന്നതും നേരത്തെ, 2008 മെയ് പതിനഞ്ചിനു മുമ്പെങ്കിലും, രജിസ്റ്റർ ചെയ്യേണ്ടതാണ്.

വളണ്ടിയർമാർ തയ്യാറെടുപ്പുകളിൽ സഹായിക്കുവാൻ രണ്ടാഴ്ച മുമ്പെങ്കിലും ആഘോഷവേദിയിൽ എത്തേണ്ടതാണ്. ആഘോഷങ്ങൾക്കു ശേഷം പത്തുദിവസത്തേക്കെങ്കിലും കുറച്ചു വളണ്ടിയർമാർ തങ്ങേണ്ടതായി വരും.

## ക്രെസ്റ്റ് റിട്രീറ്റ് കേന്ദ്രങ്ങൾ


2008 ഏപ്രിൽ 14ന് മുതൽ മലമ്പുഴയിലും പാൻഷെറ്റിലുമുള്ള റിട്രീറ്റ് കേന്ദ്രങ്ങൾ അഭ്യാസികൾക്കു വേണ്ടി തുറന്നു കൊടുക്കും. മൂന്നു മുതൽ മുപ്പതു ദിവസങ്ങൾ വരെ താമസിക്കുന്നതിന് അഭ്യാസികൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന വെബ്സൈറ്റ് പരിശോധിക്കുക.

http://sahajmarg.org/welcome/retreat/index.html

## പുതിയ MP3 സി.ഡി

“ഹി, ദ ഹുക്ക ആൻഡ് ഐ – ലൈറ്റ് ഇൻ ദ ഡാർക്നെസ്സ്” (He, the Hookah and I - Light in the Darkness'')

ഈ എം.പി. ത്രീ സി.ഡി.യിൽ ജൂലൈ 2007 പ്രകാശനം ചെയ്ത “ഹി, ദി ഹുക്ക ആൻഡ് ഐ” എന്ന 18 ഡി.വി.ഡി കളിലെ ശബ്ദരേഖകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതിലെ പ്രഭാഷണങ്ങൾ പ്രത്യേക പ്രസിദ്ധീകരണത്തിനുവേണ്ടി മാസ്റ്റർ നല്കിയതാണ്.




## ആശ്രമം പരിരക്ഷണ പരിശീലനം (Ashram Maintenance Orientation Programme (AMOP)

ഈ പരിശീലനപരിപാടിയുടെ ആദ്യത്തെ ബാച്ച് 2008 ജൂൺ ഒന്നു മുതൽ മുപ്പതു വരെ ചെന്നൈയിലുള്ള ബാബുജി മെമ്മോറിയൽ ആശ്രമത്തിൽ വെച്ച് നടത്തുന്നതായിരിക്കും. ഇംഗ്ലീഷിൽ നടത്താൻ ഉദ്ദേശിക്കുന്ന ഈ പരിശീലനപരിപാടി ആശ്രമത്തിന്റെ പരിരക്ഷണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചു വിശദമായ പരിശീലനം നല്കുന്നതായിരിക്കും.

താഴെപ്പറയുന്നവയാണ് ഈ പരിശീലനപദ്ധതിക്ക് അപേക്ഷിക്കുന്നവർക്കുണ്ടാവേണ്ട യോഗ്യത:

1. 19നും 50നും ഇടയ്ക്കുള്ള ഇന്ത്യയിൽ നിന്നുള്ള അഭ്യാസികൾ ആയിരിക്കണം.
2. ഒരു വർഷത്തോളമെങ്കിലും സഹജമാർഗം പരിശീലിക്കുന്നവരായിരിക്കണം.
3. മിഷന്റെ ഒരു ഭണ്ഡാരയിലെങ്കിലും പങ്കെടുത്തിരിക്കണം.
4. സോൺ/സെന്റർ/പ്രിസപ്റ്റർ/ രാജ്യത്തെ ഇൻ-ചാർജ്ജിന്റെ സ്വഭാവ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.
5. പരിശീലനത്തിനിടക്ക് സാമ്പത്തികമോ അല്ലാത്തതോ ആയ ഒരു സഹായവും പ്രതീക്ഷിക്കരുത്. (ഭക്ഷണവും താമസവും സൗജന്യമായി ആശ്രമത്തിൽ നിന്നും നല്കുന്നതായിരിക്കും.) താമസത്തിനിടക്കു ഉപയോഗിക്കുവാൻ വേണ്ട വസ്ത്രങ്ങളും പൈസയും കയ്യിൽ കരുതിയിരിക്കണം.
6. പരിശീലനപരിപാടിയിൽ പൂർണ്ണമായും പങ്കെടുക്കുന്നതിനു വേണ്ട അച്ചടക്കവും ഉൽസാഹവും ഉണ്ടായിരിക്കണം.
7. ഈ പരിപാടിയിൽ മൂന്നു വിദേശ അഭ്യാസികളെയും ഉൾപ്പെടുത്തുന്നതാണ്.

പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്കു ആശ്രമം സ്റ്റാഫ് ആയി മണപ്പാക്കത്തോ ഇന്ത്യയിൽ മറ്റു സ്ഥലങ്ങളിലോ നിയമനം ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

അഭ്യാസികൾത ങ്ങളുടെഅ പേക്ഷകൾ ZIC/CIC/പ്രിസപ്റ്റർഇ ൻ-ചാർജ്ജ്/ രാജ്യത്തെ ഇൻ-ചാർജ്ജ് മുഖേന 2008 മെയ് പത്തിനുമുമ്പ് ലഭിക്കത്തക്കവണ്ണം അയക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകരെ 2008 മെയ് 12-ാം തിയ്യതിയോടു കൂടി അറിയിക്കുന്നന്നതാണ്. അവർ 2008 മെയ് 28ന് മണപ്പാക്കത്തെത്തേണ്ടതാണ്.

പൂരിപ്പിച്ച അപേക്ഷകൾ അയക്കേണ്ട വിലാസം:

എസ്. പ്രകാശ്
ആശ്രമം മെയ്ന്റനൻസ് മാനേജർ
ബാബുജി മെമ്മോറിയൽ ആശ്രമം
ശ്രീ രാം ചന്ദ്ര മിഷൻ വേൾഡ് ഹെഡ്ക്വാർട്ടേഴ്സ്
മണപ്പാക്കം, ചെന്നൈ-600 116- ഇന്ത്യ
Ph: +91 44 4217 1111
Email: prakash@seechangeworld.com
Application Form: http://www.srcm.org/members/forms/amop-appform.pdf

## ക്രെസ്റ്റ്- യുവാക്കൾക്കുള്ള സാധനാപദ്ധതി

20നും 30നും മദ്ധ്യേ പ്രായമുള്ള യുവാക്കൾക്കു വേണ്ടിയുള്ള ഒരു സാധനപദ്ധതി “ക്രെസ്റ്റ്” ആവിഷ്കരിച്ചിട്ടുള്ള വിവരം സസന്തോഷം അറിയിക്കുന്നു. യുവാക്കൾക്കുള്ള സാധനാപദ്ധതി (മെറവമിമ ൃ്യീഴൃമാാല ളീ്യ ്യീൗവേ) ക്രെസ്റ്റിൽ ആറു ദിവസം നീണ്ടു നില്ക്കുന്ന ഒരു പദ്ധതിയാണ്. ഈ പരിശീലനപദ്ധതിയുടെ ക്രമം മറ്റു സാധനപദ്ധതികൾക്കു സമമാണ്. ചർച്ചകൾക്കുള്ള വിഷയങ്ങൾ യുവാക്കൾക്കുവേണ്ടി പ്രത്യേകം തിരഞ്ഞെടുത്തതാണ്.

തിരഞ്ഞെടുത്ത വിഷയങ്ങളിൽ ചിലത് താഴെക്കൊടുത്തിരിക്കുന്നു.

വളണ്ടിയർ ആവുന്നതിലെ അന്തസത്ത (വേല ുെശൃശ േീള ഢീഹൗിലേലൃശിഴ)

വിവാഹം സഹജമാർഗപദ്ധതിയിൽ (ങമൃൃശമഴല യ്യ മെവമഷ ാമൃഴ ജമറവമശേ)

ജോലിസ്ഥലത്തും വീട്ടിലുമുള്ള ബന്ധങ്ങൾ (ഞലഹമശേീിവെശു മ േംീൃസ ുഹമരല മ േവീാല)

സാമ്പത്തിക ആസൂത്രണം (എശിമിരശമഹ ുഹമിിശിഴ)

കുടുംബാസൂത്രണം/കുടുംബമുണ്ടായിരിക്കേണ്ട ആവശ്യകത (എമാശഹ്യ ുഹമിിശിഴ/കാുീൃമിേരല ീള വമ്ശിഴ മ എമാശഹ്യ)

മേൽപറഞ്ഞ വിഷയങ്ങൾ കൂടാതെ മറ്റു സാധനാപരിശീലനപദ്ധതികളിൽ ഉള്ളതുപോലെ ധ്യാനം, ശുദ്ധീകരണം, പ്രാർത്ഥന, നിരന്തരസ്മരണ മുതലായ വിഷയങ്ങളെക്കുറിച്ച് ചർച്ചകളും ഉണ്ടായിരിക്കുന്നതാണ്.

ഇതിന്റെ ആദ്യത്തെ പ്രോഗ്രാം 2008 ജൂൺ 17മുതൽ 22വരെ ഇംഗ്ലീഷിൽ നടത്തുന്നതായിരിക്കും. 20നും 30നും ഇടയ്ക്കു പ്രായമുള്ള എല്ലാ അഭ്യാസികൾക്കും പരിശീലനപദ്ധതിയിൽ പങ്കാളികൾ ആകാവുന്നതാണ്.

അപേക്ഷകൾ താഴെപ്പറയുന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

http://sahajmarg.org/welcome/crest/index.html

അപേക്ഷകൾ: crest.applications@sahajmarg.org എന്ന ഇ-മെയിൽ ഐഡിയിൽ "Sadhana Program : Youth" എന്ന് പ്രത്യേകം കാണിച്ച് അയക്കാവുന്നതാണ്.

## മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പരിപാടികൾ

### രാജസ്ഥാൻ

മൂല്യാധിഷ്ഠിത വിദ്യാഭ്യാസപരിപാടികൾ രാജസ്ഥാനിൽ സാർവ്വത്രികമായിത്തന്നെ സ്വീകരിക്കപ്പെട്ടു കഴിഞ്ഞു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഫാക്കൽട്ടി ഇൻചാർജ്ജ് ആയ സഹോദരി റാണി മിശ്ര 2008 ജനുവരി 13ന് അഭ്യാസികൾക്കുവേണ്ടി കോട്ടയിലും മാർച്ച് 20ന് ജയ്പൂരിലെ വട്ടിപുരയിലെ സ്കോളേഴ്സ് അക്കാഡമി എന്ന സെക്കന്ററി സ്ക്കൂളിലും ഇതിനെക്കുറിച്ചുള്ള സെമിനാറുകൾ നടത്തുകയുണ്ടായി. സ്ക്കൂളിന്റെ ഡയറക്ടറും പ്രിൻസിപ്പാളും ഈ പരിപാടിയിൽ പങ്കെടുത്തു. പങ്കെടുത്ത എല്ലാവരും ഈ പരിപാടി വളരെയധികം പ്രകീർത്തിച്ചു.

### മദനപ്പള്ളി

മാർച്ച് ഒന്നിന് വിശ്വം ബി.എഡ് കോളേജിൽ ഒരു മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പരിശീലനപരിപാടി നടത്തുകയുണ്ടായി. അതിൽ ഏതാണ്ട് 110 വിദ്യാർത്ഥികൾ പങ്കെടുത്തു. സഹോദരൻ വെങ്കിട്ട റെഡ്ഢി "മൂല്യങ്ങളുടെ ആവശ്യകത"യെക്കുറിച്ചും, സഹോദരൻ ബ്രഹ്മാനന്ദം "വിദ്യാഭ്യാസത്തിൽ മൂല്യങ്ങൾ നടപ്പിൽ വരുത്തുന്നതെങ്ങനെ" എന്നതിനെക്കുറിച്ചും സംസാരിച്ചു. സഹോദരൻ ബ്രഹ്മാനന്ദം എല്ലാവരുടെയും സംശയങ്ങൾക്കു മറുപടിയും നല്കി.

### അനന്തപ്പൂർ

മാർച്ച് മാസത്തിൽ സഹോദരി ഗായത്രിയുടെ നേതൃത്വത്തിൽ വി.ബി.എസ്.ഇ. ടീം ഇവിടെയുള്ള സ്ക്കൂളുകൾ സന്ദർശിക്കുകയും മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തെക്കുറിച്ച് വിശദീകരിക്കുകയും ഉണ്ടായി. സ്ക്കൂൾ അധികൃതർ വി.ബി.എസ്.ഇ. പാഠ്യപദ്ധതി തങ്ങളുടെ വിദ്യാലയങ്ങളിൽ നടപ്പിൽ വരുത്തുന്നതിൽ താല്പര്യം കാണിച്ചു.

## ധ്യാനം വഴി സമ്മർദ്ദം കുറയ്ക്കുക

### പോലീസ് അക്കാദമി, മൈസൂർ

ബാംഗ്ലൂർ സെന്ററിലെ സഹോദരൻ ഭാസ്കർറാവു ധ്യാനം വഴി സമ്മർദ്ദം കുറയ്ക്കുന്നതിനെക്കുറിച്ച് മൈസൂരിലുള്ള കർണ്ണാടക പോലീസ് അക്കാദമിയിൽ സംസാരിച്ചു. ഇവിടെ പരിശീലനകോഴ്സിനെത്തിയ കർണ്ണാടക പോലീസിലെ ആഫീസർമാർ ആയിരുന്നു ശ്രോതാക്കൾ.

മുൻകൂട്ടി തയ്യാറാക്കിയ, രസകരവും, കാലാനുസൃതവുമായ വിഷയത്തെക്കുറിച്ചുള്ള തന്റെ പ്രസംഗത്തിൽ, ഭാസ്കർറാവു, ഇന്നത്തെ സമ്മർദ്ദം നിറഞ്ഞ ജീവിതത്തെക്കുറിച്ചും, മനുഷ്യൻ അഭിമുഖീകരിക്കുന്ന വിപരീത ജീവിത പ്രവണതകളേക്കുറിച്ചും. അതുപോലെത്തന്നെ ധ്യാനം വഴി മനുഷ്യന് ലഭിക്കാവുന്ന ആന്തരീക സമാധാനവും ശാന്തതയെക്കുറിച്ചും സംസാരിച്ചു. സമ്മർദ്ദം (Stress) മനസ്സ് (mind) ലക്ഷ്യം (Goal) ആത്യന്തിക ലക്ഷ്യം (The ultimate Goal) എന്നിവയ്ക്ക് പ്രത്യേകം ഊന്നൽ നല്കിയാണ് അദ്ദേഹം സംസാരിച്ചത്. പരസ്പരം ആശയ വിനിമയത്തിന് സൗകര്യമൊരുക്കുന്ന വിധത്തിലായിരുന്നു ഈ പ്രോഗ്രാം ആവിഷ്കരിച്ചിരുന്നത്. ഇതിൽ മുതിർന്ന പോലീസ് അധികാരികളും പങ്കെടുത്തു. ചോദ്യോത്തരവേളയോടെ പരിപാടിക്കു തിരശ്ശീല വീണു.



## 'സ്ട്രസ്' മാനേജ്മെന്റിനെക്കുറിച്ചു ഒരു പ്രഭാഷണം

### ഇഫ്കോ, കലോൾ, ഗുജറാത്ത്.

മാർച്ച് 19ന് 'സ്ട്രസ് മാനേജ്മെന്റ്'നെക്കുറിച്ച് ഒരു പ്രഭാഷണം സഹോദരൻ സി. രാജഗോപാലൻ ഇന്ത്യൻ ഫാർമേഴ്സ് ഫെർട്ടിലൈസേഴ്സ് കോ-ഓപ്പറേറ്റിവ് ലിമിറ്റഡിന്റെ കലോലിലുള്ള ഫാക്ടറിയിൽ ടെക്നോക്രാറ്റ് ഫോറത്തിന്റെ യോഗത്തിൽ അവതരിപ്പിച്ചു.

ജോയന്റ് ജനറൽ മാനേജർമാരും, ഡി.ജി.എം അടക്കം നൂറിൽ പരം ജോലിക്കാരും ഈ പരിപാടിയിൽ പങ്കെടുത്തു. സഹജമാർഗധ്യാനപദ്ധതി പരശീലിക്കുന്നതിന് ജീവനക്കാരിൽ നല്ല ആവേശം കാണാമായിരുന്നു.



## ലൈഫ് ഇൻഷുറൻസ് കോർപറേഷൻ ഓഫ് ഇന്ത്യ

### ജയ്പൂർ

ജയ്പൂരിൽ ലൈഫ് ഇൻഷുറൻസ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ മാനവശേഷി വിഭാഗം, ധ്യാനത്തെക്കുറിച്ചും "സ്ട്രസ് മാനേജ്മെന്റി"നെക്കുറിച്ചും സംസാരിക്കുന്നതിനുവേണ്ടി നമ്മുടെ മിഷനെക്ഷണിക്കുകയുണ്ടായി. രണ്ടു ദിവസത്തെ അവരുടെ പരിപാടിയിൽ ആദ്യത്തെ 90 മിനിട്ട് നാം അവതരിപ്പിക്കേണ്ടതായിരുന്നു. "എന്താണ് ധ്യാനം?" "ധ്യാനത്തിന്റെ ഗുണങ്ങൾ എന്തെല്ലാം?" "സഹജമാർഗം എന്തു നല്കുന്നു?" "സഹജമാർഗ ധ്യാനം എങ്ങിനെആരംഭിക്കാം" എന്നീ വിഷയങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു നമ്മുടെ അവതരണം. ജയ്പൂർ ഡിവിഷനിലെ എല്ലാ ജോലിക്കാർക്കും പല ബാച്ചുകളിലായി ഈ പ്രോഗ്രാം, സഹോദരൻ സജ്ജീവ് സിങ്ങ് ആസൂത്രണം ചെയ്തു. കഴിഞ്ഞ മൂന്നു മാസങ്ങളിലായി അത്തരം പതിനാലു ബാച്ചുകൾ നാം സംഘടിപ്പിച്ചു. എല്ലാവരും വളരെയധികം ആവേശത്തോടെ ഇതിൽ പങ്കെടുക്കുകയും, ധ്യാനം ആരംഭിക്കാൻ തയ്യാറാവുകയും ചെയ്തു.



## വൽസാഡ്, ഡാമനിലെ സ്ഥലം രജിസ്ട്രേഷൻ

ഫെബ്രുവരി 25, 2008

സഹോദരൻ ബാജ്പായ് (സെക്രട്ടറി, എസ്.ആർ.സി.എം) ആശ്രമം സ്ഥലം പരിശോധിക്കുകയും. കെട്ടിടനിർമ്മാണത്തിൽ മിഷന്റെ കാഴ്ചപ്പാടിനെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. വൽസാഡ്, വാപി, ഖേർഗാം, നവ്സാരി, ബർദോളി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഏകദേശം നൂറോളം അഭ്യാസികൾ ഈ സത്സംഗത്തിൽ പങ്കെടുത്തു. മാസ്റ്ററുടെ സൂക്ഷ്മസാന്നിദ്ധ്യം ദ്യോതിപ്പിക്കുമാറ് പരിചിതമായ ഒരു നിശ്ശബ്ദത അവിടെയെല്ലാം വ്യാപിച്ചതായി തോന്നി. വളരെയധികം ഉൽസാഹവും ഉണർവ്വും അനുഭവപ്പെട്ടു.

ആഹ്ലാദവും സന്തോഷവും തിങ്ങിനിന്ന ആ അന്തരീക്ഷത്തിൽ സഹോദരൻ സുരേഷ്, ശ്രീ ബാജ്പായ്, ഡോ. സുരേന്ദ്ര അഗർവാൾ (സബ് സോണൽ കോ-ഓർഡിനേറ്റർ) എന്നിവർ അഭിസംബോധനചെയ്തു. സെന്റർ-ഇൻ-ചാർജ്ജ്, സഹോദരൻ ഹിതേഷ് സമാപനപ്രസംഗം നടത്തി. തുടർന്ന് വൽസാഡിലെ ആശ്രമം ഭൂമി റജിസ്റ്റർ ചെയ്തു.

**ഏപ്രിൽ 6, 2008**

ഗ്രാമ മുഖ്യനും, തലാത്തിയും, സ്ഥലം എം.എൽ.എയും മറ്റു വിശിഷ്ട വ്യക്തികളുമടക്കം നൂറോളം ഗ്രാമീണർ വൽസാഡ് ആശ്രമം ഭൂമിയിൽ നമ്മുടെ ക്ഷണം സ്വീകരിച്ചു ഏപ്രിൽ ആറിന് ഒരു തുറന്ന സദസ്സിൽ പങ്കെടുക്കാനെത്തിയിരുന്നു. ഇവരെക്കൂടാതെ വൽസാഡ്, വാപിഖേർഗം, ഉമർഗം എന്നീ സ്ഥലങ്ങളിൽ നിന്നും 150 ഓളം അഭ്യാസികളും പങ്കെടുത്തു.

ഇത്തരം ഒരു മഹനീയവും, ആത്മീയവുമായ കാര്യത്തിനു വേണ്ടി മിഷന് ഒന്നര ഏക്കർ സ്ഥലം തന്ന വ്യക്തികളെ സദസ്സിൽ പൊന്നാട അണിയിച്ച് ആദരിച്ചു. നാം മതപരിവർത്തനത്തിനു വന്നവരോ, ഏതെങ്കിലും ഒരു പ്രത്യേക മതവിഭാഗത്തിലോ പെടുന്നവരല്ലെന്ന് അവരെ ബോദ്ധ്യപ്പെടുത്തി.

സഹജമാർഗ പരിശീലനം, മാനുഷിക ഗുണങ്ങളുള്ള സദ്വ്യക്തികളെ സൃഷ്ടിക്കാൻ വേണ്ടിയാണെന്ന കാര്യം ഗ്രാമീണരെ സന്തുഷ്ടരാക്കി. ആത്മീയതയുടെ സത്തയും അതിനു മതവുമായുള്ള ബന്ധവും വിശദീകരിച്ചു. തുടർന്നു അവിടെക്കൂടിയിരുന്ന മുന്നൂറോളം പേർക്ക് ഉച്ചഭക്ഷണം വിളമ്പി.

ധാരാളം ഗ്രാമീണർ ധ്യാനം ആരംഭിക്കുന്നതിന് അതീവതാല്പര്യം പ്രകടപ്പിച്ചു. അത് വൽസാഡ് ആശ്രമം ഭൂമിയുടെ വളർച്ചക്കും, നിലനില്പിനും, ഉപയോഗത്തിനും സഹായിക്കും.

*സുരേഷ് രാജഗോപാലൻ, അഹമ്മദാബാദ്*



## കുട്ടികളെ വളർത്തുന്നതിൽ മാതാപിതാക്കൾക്കുള്ള പങ്ക്

**ഇൻഡോർ സെന്റർ**

കുട്ടികളെ വളർത്തുന്നതിൽ മാതാപിതാക്കൾക്കുള്ള പങ്ക് ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി ഫെബ്രുവരി 24ന് മാസ്റ്ററുടെ നിർദ്ദേശപ്രകാരം ഒരു പ്രായോഗിക സെമിനാർ നടത്തുകയുണ്ടായി. പൂജ്യ ലാലാജിയുടെയും ബാബുജിയുടെയും നമ്മുടെ മാസ്റ്ററുടെയും ലേഖനങ്ങളിൽ നിന്ന് രക്ഷിതാക്കളുടെ പങ്കിനെപ്പറ്റി പരാമർശിക്കുന്ന ഭാഗങ്ങൾ പഠനത്തിന് വിധേയമാക്കി.

യാമിനി കർമാർക്കർ എന്ന സഹോദരിയും രാജേഷ് രവേർക്കർ എന്ന സഹോദരനും ആയിരുന്നു ഈ പരിപാടിയുടെ സംഘാടകർ. മൂന്നു വിഭാഗങ്ങളായി ഈ പരിപാടിയെ തിരിച്ചിരുന്നു. രക്ഷിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ഗ്രൂപ്പു ചർച്ചയായിരുന്നു ആദ്യം. സംഘാടകരും പങ്കെടുക്കുന്നവരും തമ്മിലുള്ള ചർച്ചയായിരുന്നു അടുത്ത ഘട്ടം. മൂന്നാമത്തെ ഘട്ടത്തിൽ ഇതെക്കുറിച്ചുള്ള ഉപസംഹാരം സഹോദരൻ വികൽപ് മുൻഡ്രയും (സോണൽ സെക്രട്ടറി, മദ്ധ്യപ്രദേശ്), സഹോദരൻ നിർമൽ ദഗ്ദിയും നിർവ്വഹിച്ചു.

ഈ വിഷയത്തിൽ മാസ്റ്ററുടെ ഉപദേശങ്ങൾ കൃത്യമായി പ്രായോഗിക ജീവിതത്തിൽ കൊണ്ടുവരലം, സാധനചെയ്യാനുള്ള നമ്മുടെ ആത്മാർത്ഥവും സത്യസന്ധവുമായ ശ്രമവും, സ്വഭാവത്തിൽ നാം വരുത്തുന്നു മാറ്റവും നമ്മുടെ കുട്ടികളെ സ്വാധീനിക്കുമെന്നും, അത് അവരിൽ ഗുണകരമായ ഫലങ്ങൾ ഉണ്ടാക്കുമെന്നുമാണ് ഈ ചർച്ചയിൽ നിന്നും ഉരുത്തിരിഞ്ഞുവന്നത്.

*രാജേഷ് രവേർക്കർ, യാമിനി കർമാർക്കർ*



കുടുംബത്തിൽ ഐക്യവും, സമാധാനവും, അനുഗ്രഹവും കൊണ്ടുവരുന്നതിന്റെ മൂല്യ ശക്തികളാണ് കുട്ടികൾ. ജീവിതത്തിൽ സന്തോഷത്തിനുവേണ്ടി രണ്ടു പ്രധാനഘടകങ്ങളായ പ്രകാശവും ചിരിയും, കുട്ടികളിൽ കൂടി നമുക്കു ലഭിക്കുന്നു. അവർ ഒരു കുടുംബത്തിന്റെ മാത്രമല്ല ഒരു മനുഷ്യരാശിയുടെ തന്നെ ഭാവിയെ പ്രതിനിധാനം ചെയ്യുന്നു. അവരുടെ വളർച്ചയ്ക്കും ഉയർച്ചക്കും നാം പ്രവർത്തിക്കുമ്പോൾ മനുഷ്യരാശിയുടെ വളർച്ചക്കുവേണ്ടിയാണ് നാം പ്രവർത്തിക്കുന്നത് എന്ന് സുവ്യക്തമാണ്.

പി.രാജഗോപാലാചാരി

*അദ്ധ്യായം: "കൃഷ്ണ," ഓർമ്മയുടെ തീരങ്ങളിൽ, വാല്യം രണ്ട് പേജ് 226*



## പുതിയ അഭ്യാസികൾക്കുവേണ്ടി ഇൻഡോറിൽ നടത്തിയ പ്രോഗ്രാം

"ഒരിടയന് തന്റെ വീട്ടിലെ നൂറ് ആടുകളെക്കുറിച്ചല്ല ശ്രദ്ധയുണ്ടാവുക. കാണാതായ ഒന്നിനെക്കുറിച്ചായിരിക്കും അവന്റെ ഉൽകണ്ഠ. സ്നേഹം, കാണാതായതിനെ ഓർത്തുകൊണ്ടിരിക്കും."

സഹജമാർഗതത്വങ്ങൾ, വാല്യം പത്ത്, പേജ് 130–പൂജ്യ ചാരിജി



ധാരാളം ആളുകൾ സഹജമാർഗത്തിൽ ചേരുന്നുണ്ടെങ്കിലും, കുറച്ചു സമയത്തെ പരിശീലനത്തിനുശേഷം പലരും സാധനഉപേക്ഷിക്കുന്നതായി ഇൻഡോർ കേന്ദ്രത്തിൽ ഞങ്ങൾ കണ്ടു. കാരണങ്ങൾ പലതായിരുന്നു. ഇത്തരം കൊഴിഞ്ഞുപോക്ക് കുറക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഈ പ്രോഗ്രാം ഇവിടെ നടത്തി.

പുതിയ അഭ്യാസികൾക്കു വേണ്ടി (ജനുവരി 2007ന് ശേഷം ചേർന്നവർ) **സാധനാ ക്രമീകരണ പരിപാടി** (Sadhana Orientation Programe) 2008 മാർച്ച് 23ന് ഏർപ്പാടുചെയ്യുകയുണ്ടായി.

ഏതാണ്ട് 50 അഭ്യാസികൾ ഈ പരിപാടിയിൽ പങ്കെടുത്തു. വളരെ സൗഹൃദം നിറഞ്ഞ അന്തരീക്ഷമാണ് ഈ ശില്പശാലക്കു വേണ്ടി ഒരുക്കിയിരുന്നത്. ഇൻഡോർ സെന്റർ-ഇൻ-ചാർജ്ജ് അവിനാഷ് കർമാർക്കറും ശ്രീ നിർമൽ ദഗ്ദിയും സാധനയെപ്പറ്റി സവിസ്തരം സംസാരിച്ചു. സാധനയുടെ വിവിധ വശങ്ങളെക്കുറിച്ച് അവർ സവിസ്തരം സംസാരിച്ചു. സ്ഥിരമായ പരിശീലനത്തിന്റെ ആവശ്യകതയെക്കുറിച്ചും, സാധനയുടെ സരളതയെക്കുറിച്ചും അവർ പ്രത്യേകം ഊന്നിപറഞ്ഞു. കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള അവതരണം പരിപാടിയെ കൗതുകമുള്ളതാക്കി. പരിപാടിയുടെ അവസാനത്തെ ചോദ്യോത്തരപംക്തി ഡോ. പി.സി. ശർമ്മ കൈകാര്യം ചെയ്തു.

*രാജേഷ് രാവേർക്കർ/യാമിനി കർമാർക്കർ*

Youth Workshop, Coimbatore



## അഭ്യാസികളുടെ പരിശീലനപരിപാടി

### ജോർഹട്ട് കേന്ദ്രം

ഏപ്രിൽ 6ന് ജോർഹട്ടിൽ ഒരു ദിവസത്തെ പരിശീലനപരിപാടി സംഘടിപ്പിച്ചു. ജോർഹട്ട്, നസീറ, സിബ്സാഗർ, ദിഫു എന്നീ കേന്ദ്രങ്ങളിൽ നിന്നുള്ള 48 അഭ്യാസികൾ ഈ പരിശീലനപരിപാടിയിൽ പങ്കെടുത്തു. അഭ്യാസികൾക്കു പുറമെ ജോർഹട്ട് എഞ്ചിനീയറിങ് കോളേജിൽ പഠിക്കുന്ന നാല് എഞ്ചിനീയറിങ് വിദ്യാർത്ഥികളും, അഭ്യാസികളുടെ ബന്ധുമിത്രാദികളും പരിപാടിയിൽ ഉണ്ടായിരുന്നു. സത്സംഗത്തോടു കൂടി പരിപാടി ആരംഭിച്ചു.

ഗോഹട്ടി കേന്ദ്രത്തിലെ അശോക് സെൻ ഗുപ്ത പരിശീലനപരിപാടി നിയന്ത്രിച്ചു. മാസ്റ്ററെക്കുറിച്ചും, മിഷനെക്കുറിച്ചും, പദ്ധതിയെക്കുറിച്ചും അദ്ദേഹം ദൃശ്യ സാങ്കേതിക വിദ്യയുടെ സഹായത്താൽ വിശദീകരിച്ചു. പ്രഭാത ധ്യാനം, വൈകുന്നേരത്തെ ശുദ്ധീകരണം, രാത്രിയിലെ പ്രാർത്ഥനാധ്യാനം, സത്സംഗം, വ്യക്തിഗത സിറ്റിങ്ങ്, മാസ്റ്ററോടുള്ള സ്നേഹവും അർപ്പണവും മുതലായ പ്രധാനഘടകങ്ങളിൽ ഊന്നിക്കൊണ്ട് സാധനയോടുള്ള ശരിയായ സമീപനം വളർത്തിയെടുക്കുക എന്നതായിരുന്നു ചർച്ചയുടെ ലക്ഷ്യം.

ഇതിൽ ഏതെങ്കിലും ഒരു കാര്യത്തിൽ വീഴ്ച വരുത്തുകയാണെങ്കിൽ ശരിയായ പുരോഗതി ലഭിക്കുകയില്ല എന്ന് പ്രത്യേകം ഊന്നിപ്പറഞ്ഞിരുന്നു. ഈ അവതരണത്തിന് ശേഷം ഒരു മണിക്കൂറോളം ചോദ്യോത്തരവേളയുണ്ടായി. വൈകുന്നേരം 4.30ന് സത്സംഗത്തോടുകൂടി പരിപാടി അവസാനിച്ചു.



## യുവസംഗമം

### 2008 ജനുവരി 25, 26, 27 തിയ്യതികളിൽ കോയമ്പത്തൂരിൽ

"ഭാവി നമുക്കുള്ളിൽ" എന്നതായിരുന്നു രണ്ടു ദിവസം കോയമ്പത്തൂർ ആശ്രമത്തിൽ നീണ്ടു നിന്ന യുവസംഗമത്തിന്റെ വിഷയം. ഏകദേശം 35 അഭ്യാസികൾ കോയമ്പത്തൂർ, ഊട്ടി, പൊള്ളാച്ചി, ചെന്നൈ മുതലായ കേന്ദ്രങ്ങളിൽ നിന്നും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. മാസ്റ്റർ സ്വയം ഈ പ്രോഗ്രം നിയന്ത്രിക്കുന്നതുപോലെ, സൂക്ഷ്മമായ നിശ്ശബ്ദതയും സന്തോഷവും ആ അന്തരീക്ഷത്തിൽ നിറഞ്ഞതായി തോന്നി.

"ദർശനം," ദർശനസമാനമായ കാഴ്ച, പരിണാമം മുതലായ വിഷയങ്ങൾ ഗ്രൂപ്പ് ചർച്ചകളിലൂടെയും ക്വിസ് പ്രോഗ്രാം വഴിയും, ചോദ്യോത്തരങ്ങൾവഴിയും, 'അദ്ദേഹവും, ഹുക്കയും ഞാനും' എന്ന ഡി.വി.ഡിയുടെ ദൃശ്യമാദ്ധ്യമം വഴിയും വിശദീകരിച്ചു.

**"ദിവ്യ നിയോഗത്തിനനുസരിച്ച് നമ്മുടെ ഭാവി രൂപാന്തരപ്പെടുത്തുന്നതിന് നമുക്കു ചിലത് ചെയ്യാനുണ്ടെന്നും"** അതു ചെയ്യേണ്ടത് **"ഇപ്പോൾ ഇവിടെ വെച്ചാണെന്നും"** ഉള്ള സന്ദേശം കേട്ട സദസ്സ് സ്തബ്ധരായി. പരിപാടിയുടെ ലക്ഷ്യം കൈവരിച്ച സംതൃപ്തി എല്ലാവരിലുമുണ്ടായി.

*ബ്രദർ ജി. കൃഷ്ണമൂർത്തി, കോയമ്പത്തൂർ*

## റീജിണൽ മീറ്റിങ്ങ്

### മധുഗിരി സെന്റർ

ബാംഗ്ലൂരിൽ നിന്നും 105 കി.മീ ദൂരെ തുംകൂർ ജില്ലയിൽ സ്ഥിതിചെയ്യുന്ന ഒരു താലൂക്കാണ് മധുഗിരി. മൂന്നുവർഷത്തോളം പഴക്കമുള്ള ഈ കേന്ദ്രത്തിൽ ഇരുപതു അഭ്യാസികൾ ഉണ്ട്. ബാംഗ്ലൂരിൽ നിന്നുള്ള പ്രിസപ്റ്റർമാർ രണ്ടാഴ്ച കൂടുമ്പോൾ ഇവിടെ വരാറുണ്ട്.

സമീപത്തുള്ള കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാർച്ച് 23ന് മധുഗിരിയിൽ ഒരു അഭ്യാസികളുടെ കൂട്ടായ്മ സംഘടിപ്പിച്ചു. അഭ്യാസികൾ തമ്മിലുള്ള പരസ്പര ആശയവിനിമയത്തിനും, അനുഭവങ്ങൾ പങ്കുവെക്കുന്നതിനും, നമ്മുടെ വളർച്ചയിൽ മാസ്റ്ററുടെ പങ്ക് മനസ്സിലാക്കുന്നതിനും, ഭണ്ഡാരകളിൽ പങ്കെടുക്കുന്നതിന്റെ പ്രാധാന്യം അറിയുന്നതിനും വേണ്ടിയാണ് ഈ കൂട്ടായ്മ സംഘടിപ്പിച്ചത്.

തുംകൂർ, തിപ്തൂർ, ഗൗരിബിദാനൂർ, മധുഗിരി, ബാംഗ്ലൂർ മുതലായ കേന്ദ്രങ്ങളിൽ നിന്നും ഏകദേശം അറുപതു അഭ്യാസികൾ പങ്കെടുത്തിരുന്നു. അഭ്യാസികളുടെ ജീവിതത്തിൽ സംഭവിക്കാവുന്ന മന്ദത മറികടക്കുന്നതിനു അത്തരം പരിപാടികൾക്കുള്ള പ്രാധാന്യം അവർക്കു ചൂണ്ടിക്കാണിച്ചുകൊടുത്തു. അവരവരുടെ കേന്ദ്രങ്ങളിൽ നിന്നും അഭ്യാസികൾ മാസ്റ്ററെ കാണുന്നതിനായി പോകേണ്ടതിന്റെ പ്രസക്തി അഭ്യാസികളെ ഉദ്ബോധിപ്പിച്ചു. ഇത്തരം കൂടിക്കാഴ്ചകൾ മാസ്റ്ററുമായുള്ള അവരുടെ ആന്തരീക ബന്ധം വളരുന്നതിന് സഹായിക്കുമെന്നും അറിയിച്ചു.

അഭ്യാസികൾ സഹജമാർഗത്തിൽ അവരുടെ അനുഭവങ്ങൾ മറ്റുള്ളവരുമായി ഗ്രൂപ്പ് ചർച്ചകളിലൂടെ പങ്കുവെച്ചു. ഏകത്വവും പരസ്പര സാഹോദര്യവും വളരുന്നതിനും ഹൃദയം തുറക്കുന്നതിനും ഇത് സഹായിച്ചു.

ഇതോടനുബന്ധിച്ച് സംഘടിപ്പിച്ച തുറന്ന സദസ്സിൽ ഏതാണ്ട് 25പേർ മധുഗിരി ജില്ലയിൽ നിന്നും പങ്കെടുത്തു. ഇവരിൽ ഏറിയ പങ്കും അഭ്യാസികളുടെ ബന്ധുക്കളും, അവരുടെ കുടുംബാംഗങ്ങളുമായിരുന്നു. ഡോക്ടർ കൃഷ്ണമൂർത്തിയും, ശ്രീ അമർനാഥും ചേർന്നാണ് ഈ സദസ്സ് സംഘടിപ്പിച്ചത്. തുടർന്നുള്ള ചോദ്യോത്തര വേളയിൽ ക്ഷണിതാക്കളുടെ ചോദ്യങ്ങൾക്കുള്ള ഉത്തരം വിശദീകരിക്കപ്പെട്ടു.





## പരിശീലക പരിശീലനപരിപാടി



SMRTIയുടെ നേതൃത്വത്തിലുള്ള ഈ ഉദ്യമത്തിന്റെ ഉദ്ദേശ്യം അഭ്യാസികളെ സഹജമാർഗത്തെക്കുറിച്ചു പൊതുജനങ്ങളോടു സംസാരിക്കുവാൻ സജ്ജമാക്കുക എന്നതാണ്.

പ്രിസപ്റ്റർമാരും അഭ്യാസികളും ചേർന്ന ഇരുപതംഗങ്ങളെയാണ് ആദ്യത്തെ സംഘത്തിൽ തിരഞ്ഞെടുത്തത്. പങ്കെടുത്തവരെ ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകൾ സംസാരിക്കുന്നവരായി വേർതിരിച്ചു. പരിശീലനപരിപാടികൾ ആഴ്ചയവസാനങ്ങളിൽ സംഘടിപ്പിച്ചു. ഓരോ ഗ്രൂപ്പും രണ്ടാഴ്ചയിൽ ഒരിക്കൽ ഒത്തു ചേരുവാനാണ് തീരുമാനിച്ചിരുന്നത്. എല്ലാ അംഗങ്ങളും ചുരുങ്ങിയത് രണ്ടു വിഷയത്തെക്കുറിച്ച് പത്തു നിമിഷം സംസാരിക്കണം. സംസാരിക്കാനുള്ള വിഷയങ്ങൾ മുൻകൂട്ടി നല്കിയിരുന്നതു കൊണ്ട് അംഗങ്ങൾക്ക് തയ്യാറായി വരുന്നതിന് സൗകര്യമായി. ഓരോ അവതരണത്തിനുശേഷവും സംഘാടകർ നല്കിയ പ്രതികരണം അംഗങ്ങൾക്ക് അവരുടെ കുറവുകൾ മനസ്സിലാക്കുന്നതിനും തിരുത്തുന്നതിനും സഹായിച്ചു. സദസ്സിനെമനസ്സിലാക്കുക, വേദിയൊരുക്കുക, വിഷയത്തെക്കുറിച്ചുള്ള ഗ്രാഹ്യം, ഉള്ളടക്കത്തിന്റെ കൃത്യത, ആശയ വ്യക്തത, സംസ്കൃതപദങ്ങളുടെ പ്രയോഗം, ഹൃദയത്തിൽ നിന്നുള്ള സംസാരം, സംസാരത്തിന്റെ വേഗത, ഉച്ചാരണം, പദപ്രയോഗം, സമയത്തിനുള്ളിലുള്ള അവതരണം എന്നിവ പങ്കാളികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ചില കാര്യങ്ങളായിരുന്നു.

അടിസ്ഥാനപരമായ ധ്യാനം, ശുദ്ധീകരണം, പ്രാർത്ഥന എന്നീ വിഷയങ്ങളിൽ നിന്നാരംഭിച്ച് സ്നേഹം, വിശ്വാസം, സമർപ്പണം തുടങ്ങിയ ആഴമേറിയ വിഷയങ്ങളിലേക്ക് പുരോഗമിച്ചു. "സഹജമാർഗം സരളമാണ്; പക്ഷെ, എളുപ്പമല്ല" മുതലായ വിഷയങ്ങൾ അഭ്യാസികളെ ചിന്തിപ്പിക്കുവാൻ സഹായിച്ചു. സഹജമാർഗം പൊതുവേദിയിൽ എങ്ങിനെഅവതരിപ്പിക്കണമെന്ന വിഷയത്തിനായിരുന്നു പ്രാമുഖ്യം നല്കിയത്. വിവിധ ശ്രേണിയിൽ പെട്ട വ്യക്തികൾക്ക് സഹജമാർഗം എങ്ങിനെപരിചയപ്പെടുത്തണം എന്ന് ഓരോരുത്തരെക്കൊണ്ടും അവതരിപ്പിച്ചു കാണിച്ചു.

പരിപാടി പുരോഗമിച്ചതോടെ പങ്കാളികളിൽ മാറ്റങ്ങൾ ദൃശ്യമാകുവാൻ തുടങ്ങി. വേദിയിൽ സംസാരിക്കുന്നതിൽ നിന്നുള്ള സംഭ്രമം മാറിത്തുടങ്ങി. ആരംഭത്തിലുണ്ടായിരുന്ന ആശങ്കയും ഉൽകണ്ഠയും മാറി, ഭൂരിഭാഗം പങ്കാളികളും കാര്യങ്ങൾ അതേപടി സ്വീകരിച്ചത് വളരെ കൗതുകകരമായിതോന്നി. അവരുടെ കഴിവുകൾ കണ്ടെത്തി അവർ പൂർണ്ണമായ പ്രഭാഷകർ ആകുന്നതിനുവേണ്ടി അവർക്ക് അഭ്യാസികൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും സംസാരിക്കാനുള്ള അവസരമൊരുക്കും.

തുടക്കത്തിലുള്ള ഈ ഉദ്യമത്തിൽനിന്നും ഉടലെടുത്ത പുരോഗതിയും ഉൽസാഹവും, ഇത് അനായാസേന മറ്റു കേന്ദ്രങ്ങളിൽ അവതരിപ്പിക്കാൻ സാധിക്കും എന്ന സാദ്ധ്യം ഭാവിയിൽ ഇതെങ്ങിനെ വിടർന്നു വികസിക്കും എന്ന് അത്ഭുതത്തോടുകൂടിയേ കാണുവാൻ കഴിയു.

*ശ്രീരാം രാഘവേന്ദ്രൻ*

# പ്രകാശ കേന്ദ്രങ്ങൾ

## കേരള സോണൽ ആശ്രമം, ആലുവ

ആലുവയിലുള്ള സോണൽ ആശ്രമമാണ് ശ്രീ രാം ചന്ദ്ര മിഷന്റെ കേരളത്തിലെ ആദ്യത്തെ ആശ്രമം. 2001 ഫെബ്രുവരി 25നാണ് മാസ്റ്റർ ഈ ആശ്രമം ഉത്ഘാടനം ചെയ്തത്. "എല്ലാ മലയാളികളേയും ഉണർത്തുക" എന്ന് മാസ്റ്റർ ആ അവസരത്തിൽ ആഹ്വാനം ചെയ്തു. ഒരഭ്യാസിയുടെ ജീവിതത്തിൽ മൂന്നു "എം"ന്റെ (മാസ്റ്റർ, മിഷൻ, മെത്തേഡ്- മാർഗ്ഗം) പ്രാധാന്യത്തെക്കുറിച്ചു മാസ്റ്റർ ഊന്നിപ്പറഞ്ഞു. വളരെ മനോഹരമായ ആ ആഘോഷത്തിൽ കേരളത്തിലെ എല്ലാ അഭ്യാസികളും സമീപനസംസ്ഥാനങ്ങളിലെ അഭ്യാസികളും പങ്കെടുത്തു. ഒരുവിധത്തിൽ പറഞ്ഞാൽ കേരളത്തിലെ മിഷൻ പ്രവർത്തനങ്ങൾക്ക് ഇത് ഒരു സഹായം തന്നെയാണ്.




ഈ ആശ്രമത്തെക്കുറിച്ചുള്ള ആശയം 1995ലാണ് പൊങ്ങിവന്നത്. ഇതിനുവേണ്ടി തിരഞ്ഞെടുത്ത സ്ഥലം അംഗീകരിച്ചതിനുശേഷം ഏതാനും അഭ്യാസികൾ ചേർന്ന് ഈ സ്ഥലം വാങ്ങുകയും പിന്നീട് 55 സെന്റ് സ്ഥലം മിഷന് കൈമാറുകയും ചെയ്തു. ഇതിനകത്തുള്ള റോഡിനു പുറമെയാണിത്. പിന്നീട് മുൻവശത്തുള്ള സ്ഥലം മിഷൻ സ്വന്തമാക്കി. 14 അഭ്യാസികൾക്ക് ഈ കോളനിയിൽ സ്ഥലമുണ്ട്. മിക്കവാറും എല്ലാവരും 'സഹജഗ്രാമം' എന്നറിയപ്പെടുന്ന ഈ സ്ഥലത്ത് വീടുകെട്ടി താമസിക്കുന്നുണ്ട്.




1.17 ഏക്കറിൽ നിർമ്മിച്ച മെഡിറ്റേഷൻ ഹാളിന് 5600 ചതുരശ്ര വിസ്തീർണ്ണമുണ്ട്. 1400 അഭ്യാസികളെ ഇവിടെ ഉൾക്കൊള്ളിക്കാം. ഉത്സവസമയത്ത് ഇവിടത്തെ ഡോർമിറ്ററിയിൽ 90 അഭ്യാസികൾക്ക് കിടക്കുന്നതിന് സൗകര്യമുണ്ട്. മെഡിറ്റേഷൻ ഹാളിന് ചുറ്റുമുള്ള സ്ഥലത്ത് ഏതാണ്ട് 3000 പേർക്ക് ടെൻഡുകളിൽ താമസിക്കാം. കോട്ടേജ് മെഡിറ്റേഷൻ ഹാളിനോട് ചേർന്നാണ് സ്ഥിതിചെയ്യുന്നത്. മെഡിറ്റേഷൻ ഹാളിന്നടുത്ത് എല്ലാ സൗകര്യങ്ങളുമുള്ള ഒരടുക്കളയും, ആയിരം ചതുരശ്ര അടിയുള്ള ഡൈനിങ്ങ് ഹാളുമുണ്ട്. പുരുഷൻമാർക്കും സ്ത്രീകൾക്കുമുള്ള പ്രത്യേകം കുളിമുറികളും ശൗചാലങ്ങളുമുണ്ട്.



മനോഹരമായ പരിചരണം ലഭിക്കുന്ന ഒരു പൂന്തോട്ടം ഇവിടെയുണ്ട്. സത്സംഗസമയത്ത് കുട്ടികൾക്ക് വിനോദിക്കുന്നതിനുവേണ്ടി ഒരു ചെറിയ കളിക്കളം ഇവിടെയുണ്ട്. ഹിന്ദി, ഇംഗ്ലീഷ്, തമിഴ്, മലയാളം എന്നീ ഭാഷകളിലുള്ള ഒരു നല്ല ലൈബ്രറി ഇവിടെയുണ്ട്. അഭ്യാസികൾ എല്ലാവരുംതന്നെ ഇതു ഉപയോഗിക്കുന്നുണ്ട്.

കേരളത്തെ കേന്ദ്രീകരിച്ചുള്ള പല പരിപാടികളും ഇവിടെ വെച്ച് നടത്താറുണ്ട്. ഏപ്രിൽ 30നുള്ള ബാബുജിയുടെ ജന്മദിനാഘോഷം ഇവിടെ വെച്ചായിരിക്കും നടത്തുക. കേരളത്തിൽ നിന്നുള്ള എല്ലാ അഭ്യാസികളും ഇതിൽ പങ്കെടുക്കും.

ആലുവ റയിൽവെ സ്റ്റേഷനിൽ നിന്നും അഞ്ചു കിലോമീറ്ററും, എൻ.എച്ച് 47ൽ നിന്നു മൂന്നു കിലോമീറ്ററും, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്ന് 11 കിലോമീറ്ററും ദൂരെ കടുങ്ങല്ലൂർ എന്ന ഗ്രാമത്തിലാണ് ഈ ആശ്രമം.

**To subscribe to this Newsletter please visit http://www.srcm.org/centers/as/in/newsletter/index.jsp**
**For feedback, suggestions and news articles please send email to in.newsletter@srcm.org**

© 2008 Shri Ram Chandra Mission ("SRCM"). All rights reserved.
"Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.
This message may be edited for content and is intended exclusively for the members of SRCM.
The views expressed herein are not necessarily those of SRCM.
Privacy Statement: http://www.srcm.org/members/privacypolicy.jsp